2026
FEBRUARY
27
FRIDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
Home Delivery
9847 12 9061, 94455 97621

# സുഗന്ധവ്യഞ്ജന വിപണി : മുളക് ഉൽപ്പാദനം കുറയും; മഞ്ഞൾ ഉയരും



**കൊച്ചി:** ഇന്ത്യയിലെ പ്രധാന സുഗന്ധവ്യഞ്ജന വിപണികൾ ഈ സാമ്പത്തിക വർഷം വ്യത്യസ്ത ദിശകളിലേക്ക് നീങ്ങുന്നതായി അന്താരാഷ്ട്ര സുഗന്ധവ്യഞ്ജന സമ്മേളനത്തിൽ അവതരിപ്പിച്ച കാർഷിക റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

മുളക് ഉൽപാദനം കുത്തനെ കുറയുമെന്ന് വിലയിരുത്തുമ്പോൾ, കഴിഞ്ഞ വർഷത്തെ വിലക്കയറ്റത്തിന് ശേഷം മഞ്ഞൾ ഉത്പാദനം ഉയരുമെന്ന സൂചനയുണ്ട്. അതേ സമയം ഇഞ്ചിയുടെ വിപണിയെ ചൈനയുടെ വർധിച്ച ഉത്പാദനത്തിന്റെ സ്വാധീനം ബാധിക്കാൻ സാധ്യതയുണ്ടെന്നും വിലയിരുത്തുന്നു. ഏകദേശം 20 ലക്ഷം ടൺ വാർഷിക ഉത്പാദനവുമായി ഇന്ത്യ, ലോകത്തിലെ ഏറ്റവും വലിയ മുളക് ഉൽപാദക രാജ്യമാണ്. എന്നാൽ ഈ സീസണിൽ 35 മുതൽ 40 ശതമാനം വരെ ഉത്പാദന കുറവ് ഉണ്ടാകുമെന്നാണ് കണക്കുകൂട്ടൽ. ആന്ധ്രപ്രദേശ്, തെലങ്കാന, കർണാടക എന്നിവിടങ്ങളിൽ കൃഷി കുറഞ്ഞതും, കാലാവസ്ഥാ വ്യതിയാനവും മുളകിനെ ബാധിച്ചിട്ടുണ്ട്. വിപണിയിലെത്തുന്ന മുളകിന്റെ അളവ് പ്രതീക്ഷിച്ചതിനേക്കാൾ കുറവാണ്. സംഭരണം അൽപ്പം കൂടുതലുണ്ടെങ്കിലും, മൊത്തം ലഭ്യത ഏകദേശം 30 ശതമാനം വരെ താഴുമെന്ന് വ്യാപാരികൾ പറയുന്നു. അതേ സമയം മഞ്ഞൾ ഉത്പാദന വർധനവ് കാണിക്കുന്നുണ്ട്. ലോകത്ത് മഞ്ഞൾ ഉത്പാദനത്തിന്റെ 80 ശതമാനവും ഇന്ത്യയിലാണ്. 2026ൽ 15 ശതമാനം വരെ വർധന പ്രതീക്ഷിക്കുന്നു. മഹാരാഷ്ട്രയിൽ മഞ്ഞൾ കൃഷിയിടം വർധിച്ചു. എന്നാൽ ചില പ്രദേശങ്ങളിൽ അധിക മഴ മൂലം വിളവിൽ ചെറിയ കുറവും ആശങ്കകളും ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ വർഷം മഞ്ഞൾ വില കുത്തനെ ഉയർന്നെങ്കിലും, ഇപ്പോൾ ഏകദേശം 16 ശതമാനം വരെ താഴ്ന്നിട്ടുണ്ട്. പോയ വർഷം കയറ്റുമതി വർധിച്ചതിനാൽ സ്റ്റോക്ക് ശക്തമായ നിലയിലല്ലെന്നും വിപണിയിലെ അസ്ഥിരത കുറയ്ക്കാൻ സ്റ്റോക്ക് വർധിപ്പിക്കേണ്ടതുണ്ടെന്നും വ്യാപാരികൾ പറയുന്നു. ഇഞ്ചി വിലയിൽ ചൈനയുടെ സ്വാധീനം ഏറെയാണെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. ലോകത്തിലെ രണ്ടാമത്തെ വലിയ ഇഞ്ചി ഉൽപാദക രാജ്യമാണ് ഇന്ത്യ. എന്നാൽ ഈ സീസണിൽ ഉൽപാദനം 12 ശതമാനം വരെ കുറഞ്ഞു. ഏകദേശം 90 ശതമാനം ഇഞ്ചിയും ആഭ്യന്തര വിപണി തന്നെ ഉപയോഗിക്കുന്നു. കയറ്റുമതി പ്രധാനമായും ബംഗ്ലാദേശിലേക്കാണ്. കഴിഞ്ഞ വർഷം ഉണക്ക ഇഞ്ചി കയറ്റുമതി വർധിച്ചതോടെ ആഭ്യന്തര സ്റ്റോക്ക് കുറഞ്ഞു. ലോക വിപണിയിൽ ചൈനയുടെ ഉൽപാദനം ഏകദേശം 60 ലക്ഷം ടൺ വരെയായി. ചൈനയുടെ വിതരണമാണ് ഇപ്പോൾ വില നിർണയിക്കുന്നത്. അതിനാൽ ഇന്ത്യൻ ഇഞ്ചി വിലയും അന്താരാഷ്ട്ര സാഹചര്യങ്ങൾക്കനുസരിച്ച് മാറുന്ന സാഹചര്യമുണ്ട്. മൊത്തത്തിൽ, 2025–26 വർഷം സുഗന്ധവ്യഞ്ജന വിപണിയിൽ വിതരണവില മാറ്റങ്ങളുടെ വർഷമായിരിക്കുമെന്നാണ് വിലയിരുത്തൽ.

# ചൂട് കനക്കുന്നു; ജാഗ്രത പാലിക്കണമെന്ന് ദുരന്തനിവാരണ അതോറിറ്റി

**തിരുവനന്തപുരം:** സംസ്ഥാനത്ത് ചൂട് വർധിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി. കനത്ത ചൂട് സൂര്യാഘാതം, സൂര്യതാപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും. പകൽ 11 മുതൽ മൂന്നു വരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണം. ദാഹമില്ലെങ്കിലും വെള്ളം കുടിക്കുന്നത് തുടരുക. പരമാവധി ശുദ്ധജലം കുടിക്കുക. നിർജലീകരണമുണ്ടാക്കുന്ന മദ്യം, കാപ്പി, ചായ, കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്കുകൾ തുടങ്ങിയ പാനീയങ്ങൾ പകൽ സമയത്ത് ഒഴിവാക്കുക, അയഞ്ഞ, ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക, പുറത്തിറങ്ങുമ്പോൾ പാദരക്ഷകൾ ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുന്നത് നല്ലതായിരിക്കും, പഴങ്ങളും പച്ചക്കറികളും ധാരാളമായി കഴിക്കുക. ORS ലായനി, സംഭാരം തുടങ്ങിയവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക,

മാർക്കറ്റുകൾ, കെട്ടിടങ്ങൾ, മാലിന്യശേഖരണനിക്ഷേപ കേന്ദ്രങ്ങൾ (ഡംപിങ് യാർഡ്) തുടങ്ങിയ ഇടങ്ങളിൽ തീപിടുത്തങ്ങൾ വർധിക്കാനും വ്യാപിക്കാനുമുള്ള സാധ്യത കൂടുതലാണ്. ഫയർ ഓഡിറ്റ് നടത്തേണ്ടതും കൃത്യമായ സുരക്ഷാ മുൻകരുതൽ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇവയോട് ചേർന്ന് താമസിക്കുന്നവരും സ്ഥാപനങ്ങൾ നടത്തുന്നവരും പ്രത്യേകം ജാഗ്രത പാലിക്കുക, ചൂട് അധികരിക്കുന്ന സാഹചര്യത്തിൽ കാട്ടുതീ വ്യാപിക്കാനുള്ള സാധ്യതയുണ്ട്. വനമേഖലയോട് ചേർന്ന് താമസിക്കുന്നവരും വിനോദ സഞ്ചാരികളും പ്രത്യേകം ജാഗ്രത പാലിക്കണം. കാട്ടുതീ ഉണ്ടാകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കണം. വനം വകുപ്പിന്റെ നിർദേശങ്ങൾ കർശനമായി പാലിക്കണം.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർഥികൾക്ക് ശുദ്ധമായ കുടിവെള്ളവും ക്ലാസ്സ് മുറികളിൽ വായു സഞ്ചാരവും ഉറപ്പാക്കേണ്ടതാണ്. പരീക്ഷാക്കാലമായാൽ പരീക്ഷാഹാളുകളിലും ജലലഭ്യത ഉറപ്പാക്കണം. വിദ്യാർഥികളുടെ കാര്യത്തിൽ സ്കൂൾ അധികൃതരും രക്ഷിതാക്കളും പ്രത്യേകശ്രദ്ധ പുലർത്തേണ്ടതാണ്. കുട്ടികൾക്ക് കൂടുതൽ വെയിലേൽക്കുന്ന അസംബ്ലികളും മറ്റ് പരിപാടികളും ഒഴിവാക്കുകയോ സമയക്രമീകരണം നടത്തുകയോ ചെയ്യേണ്ടതാണ്. കുട്ടികളെ വിനോദ സഞ്ചാരത്തിന് കൊണ്ടുപോകുന്ന സ്കൂളുകൾ 11 മുതൽ മൂന്നു വരെ കുട്ടികൾക്ക് നേരിട്ട് ചൂട് ഏൽക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക. അംഗനവാടി കുട്ടികൾക്ക് ചൂട് ഏൽക്കാത്ത തരത്തിലുള്ള സംവിധാനം നടപ്പാക്കാൻ അതാത് പഞ്ചായത്ത് അധികൃതരും അംഗനവാടി ജീവനക്കാരും പ്രത്യേകം ശ്രദ്ധിക്കണം. കിടപ്പ് രോഗികൾ, പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, മറ്റ് രോഗങ്ങൾ മൂലമുള്ള അവശത അനുഭവിക്കുന്നവർ തുടങ്ങിയ വിഭാഗങ്ങൾ പകൽ 11 മണി മുതൽ 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതെയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇത്തരം വിഭാഗങ്ങൾക്ക് എളുപ്പത്തിൽ സൂര്യാഘാതം ഏൽക്കാനുള്ള സാധ്യതയുള്ളതിനാൽ ഇവരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. ഇരുചക്ര വാഹനങ്ങളിൽ ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്നവർ ഉച്ചസമയത്ത് സുരക്ഷിതരാണെന്ന് അതാത് സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. അവർക്കു ചൂട് ഏൽക്കാതിരിക്കാൻ ഉതകുന്ന രീതിയിലുള്ള വസ്ത്രധാരണം നടത്താൻ നിർദേശം നൽകുകയും, അതുപോലെ, ആവശ്യമെങ്കിൽ യാത്രക്കിടയിൽ വിശ്രമിക്കാനുള്ള അനുവാദം നൽകുകയും ചെയ്യണം. മാധ്യമപ്രവർത്തകരും പോലീസ് ഉദ്യോഗസ്ഥരും കുടകൾ ഉപയോഗിക്കുകയും നേരിട്ട് വെയിൽ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുക. ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർക്കു കുടിവെള്ളം നൽകി നിർജലീകരണം തടയുവാൻ സഹായിക്കുക. പൊതുപരിപാടികൾ, സമ്മേളനങ്ങൾ എന്നിവ നടത്തുമ്പോൾ പങ്കെടുക്കുന്നവർക്ക് ആവശ്യമായ കുടിവെള്ളം, തണൽ എന്നിവ ലഭ്യമാണെന്ന് സംഘാടകർ ഉറപ്പുവരുത്തുക. പകൽ 11 മുതൽ വൈകുന്നേരം 3 വരെ കഴിവതും സമ്മേളനങ്ങൾ ഒഴിവാക്കുക. യാത്രയിലേർപ്പെടുന്നവർ ആവശ്യമായ വിശ്രമത്തോടെ യാത്ര തുടരുന്നതാകും നല്ലത്. വെള്ളം കയ്യിൽ കരുതുക. നിർമാണത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, വഴിയോരക്കച്ചവടക്കാർ, മറ്റേതെങ്കിലും കാഠിന്യമുള്ള ജോലികളിൽ ഏർപ്പെടുന്നവർ എന്നിവർ ജോലി സമയം ക്രമീകരിക്കുക. ജോലിയിൽ ആവശ്യമായ വിശ്രമം ഉറപ്പ് വരുത്തുക. ഉച്ചവെയിലിൽ കന്നുകാലികളെ മേയാൻ വിടുന്നതും മറ്റു വളർത്തുമൃഗങ്ങളെ വെയിലത്ത് കെട്ടിയിടുന്നതും ഒഴിവാക്കണം. മൃഗങ്ങൾക്കും പക്ഷികൾക്കും ജലലഭ്യത ഉറപ്പാക്കുക. കുട്ടികളെയോ വളർത്തുമൃഗങ്ങളെയോ പാർക്ക് ചെയ്ത വാഹനങ്ങളിൽ ഇരുത്തി പോകാൻ പാടില്ല. അസ്വസ്ഥകൾ അനുഭവപ്പെട്ടാൽ ഉടനെ വിശ്രമിക്കുകയും വൈദ്യസഹായം തേടുകയും ചെയ്യുക എന്നിങ്ങനെ വിവിധ നിർദ്ദേശങ്ങളും ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്.

# കനേഡിയൻ പ്രധാനമന്ത്രി ഇന്ന് ഇന്ത്യയിലെത്തും

**ന്യൂഡൽഹി:** പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരം കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി ഇന്നു മുതൽ മാർച്ച് 2 വരെ ഇന്ത്യയിൽ ഔദ്യോഗിക സന്ദർശനം നടത്തും. പ്രധാനമന്ത്രി കാർണിയുടെ ആദ്യ ഔദ്യോഗിക ഇന്ത്യാ സന്ദർശനമായിരിക്കും ഇത്. ഇന്ന് മുംബൈയിലെത്തുന്ന പ്രധാനമന്ത്രി കാർണി അടുത്ത രണ്ട് ദിവസങ്ങളിലായി വിവിധ ബിസിനസ് പരിപാടികളിൽ പങ്കെടുക്കും. ഇന്ത്യയിലെയും കാനഡയിലെയും സി.ഇ.ഒമാർ, വ്യവസായസാമ്പത്തിക വിദഗ്ധർ, നവീനാശയകർത്താക്കൾ, വിദ്യാഭ്യാസ വിദഗ്ധർ എന്നിവരെ കൂടാതെ ഇന്ത്യ ആസ്ഥാനമായി പ്രവർത്തിക്കുന്ന കനേഡിയൻ പെൻഷൻ ഫണ്ടുകളുമായും ആശയവിനിമയം നടത്തും.

മാർച്ച് ഒന്നിന് പ്രധാനമന്ത്രി കാർണി ന്യൂഡൽഹിയിലെത്തും. മാർച്ച് രണ്ടിന് ഹൈദരാബാദ് ഹൗസിൽ ഇരു പ്രധാനമന്ത്രിമാരും പ്രതിനിധിതല ചർച്ചകൾ നടത്തും. കാനനാസ്കിസിലും ജോഹന്നാസ്ബർഗിലും നടന്ന മുൻ കൂടിക്കാഴ്ചകളുടെ തുടർച്ചയായി, ഇന്ത്യ-കാനഡ തന്ത്രപരമായ പങ്കാളിത്തത്തിന്റെ വിവിധ മേഖലകളിൽ ഇതുവരെ കൈവരിച്ച പുരോഗതി ഇരു നേതാക്കളും അവലോകനം ചെയ്യും.

വ്യാപാരവും നിക്ഷേപവും, ഊർജ്ജം, നിർണ്ണായക ധാതുക്കൾ, കൃഷി, വിദ്യാഭ്യാസം, ഗവേഷണം, നൂതനാശയം, ജനങ്ങൾ തമ്മിലുള്ള ബന്ധം തുടങ്ങിയ പ്രധാന മേഖലകളിൽ നിലവിലുള്ള സഹകരണവും അവർ വിലയിരുത്തും.

പ്രാദേശികവും ആഗോളവുമായ സംഭവവികാസങ്ങളെക്കുറിച്ച് ഇരു നേതാക്കളും കാഴ്ചപ്പാടുകൾ പങ്കുവെക്കും. അന്ന് വൈകുന്നേരം നടക്കുന്ന ഇന്ത്യ - കാനഡ സി.ഇ.ഒ ഫോറത്തിലും പ്രധാനമന്ത്രി മോദിയും ഇരുവരും പങ്കെടുക്കും.

# ഇന്നത്തെ പരിപാടി

## കൊച്ചി

- **എറണാകുളം അധ്യാപകഭവൻ:** എം എം മോനായിയുടെ ചിത്രങ്ങളുടെ പ്രദർശനം ഉദ്ഘാടനം ജസ്റ്റിസ് എൻ. നഗരേഷ് വൈകിട്ട് 5ന്.
- **പാവക്കുളം ഹിന്ദു സാംസ്കാരിക കേന്ദ്രം -** ഉത്കൃഷ്ട് 2026 - ഉദ്ഘാടനം വിശ്വ ഹിന്ദു പരിഷത്ത് സെക്രട്ടറി ജനറൽ ബജറംഗ് ലാൽ ബാഗ്രാ വൈകിട്ട് 5.30ന്.

## കാലടി

- **സംസ്കൃത സർവകലാശാല :** അയ്യൻകാളി വാർഷിക പ്രഭാഷണം രാവിലെ 10.30ന്.

## പറവൂർ

- **പറവൂർ ടൗൺ:** മുൻ എംഎൽഎയും സിപിഐ ജില്ലാ സെക്രട്ടറിയുമായിരുന്ന പി രാജുവിന്റെ ഒന്നാം ചരമവാർഷികം വൈകിട്ട് 5ന്.

## കാക്കനാട്

- **കാക്കനാട് ബ്രഹ്മപുരം:** ബ്രഹ്മപുരം ബിപിസിഎൽ സിബിജി പ്ലാന്റ് ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ 11 മണിക്ക്.
- **ജില്ലാ പഞ്ചായത്ത് ഹാൾ :** ജില്ലാ പഞ്ചായത്ത് ബഡ്ജറ്റ് അവതരണം രാവിലെ 11ന്.

## അങ്കമാലി

- **അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജ് :** ഫിസാറ്റിൽ ആരംഭിക്കുന്ന ആറ് അന്തർദേശിയ ലാബുകളുടെ ഉദ്ഘാടനം കേന്ദ്രമന്ത്രി സുരേഷ് ഗോപി രാവിലെ 8.30 ന്

## കോതമംഗലം

- **പിണ്ടിമന സെന്റ് തോമസ് സുവിശേഷാലയം ചാപ്പൽ :** സുവിശേഷ യോഗം രാത്രി 7.15 ന് .
- **കോട്ടപ്പടി വാവേലി കേളംബ്ലായിൽ ദുർഗാ ഭഗവതി ക്ഷേത്രം :** താലപ്പൊലി ഉത്സവം രാവിലെ 6 മുതൽ.
- **നെല്ലിമറ്റം എംബിറ്റ്സ് എഞ്ചിനീയറിംഗ് കോളേജ് :** ടെക്നിക്കൽ ഫെസ്റ്റ് രാവിലെ 10 ന്


## കളമശ്ശേരി

- **കളമശ്ശേരി ഏലൂർ ആനവാതിൽ ജംഗ്ഷൻ :** കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർ പ്രൈസസും, അസാപ് കേരളയും സംയുക്തമായി ആരംഭിക്കുന്ന കെഎൽഎഎസ് അക്കാദമിയുടെ ഉദ്ഘാടനം മന്ത്രി ആർ. ബിന്ദു വൈകുന്നേരം 3ന്.

# യുവജന കമ്മീഷൻ യുവപ്രതിഭാ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

**കൊച്ചി:** കേരള സംസ്ഥാന യുവജന കമ്മീഷന്റെ 2025-26 വർഷത്തെ യുവപ്രതിഭാ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ശാരീരിക മാനസിക പരിമിതികളെ ആത്മവിശ്വാസം കൊണ്ട് അതിജീവിച്ച് സമൂഹത്തിൽ തങ്ങളുടേതായ ഇടം കണ്ടെത്തുകയും യുവതയ്ക്ക് പ്രചോദനമായി മാറുകയും ചെയ്ത മൂന്ന് യുവപ്രതിഭകളാണ് പുരസ്കാരത്തിന് അർഹരായത്. ഏഷ്യയിലെ ആദ്യത്തെ 'ഹാൻഡ്സ്ഫ്രീ' വനിതാ ഡ്രൈവറായ ജിലുമോൾ മരിയറ്റ് തോമസ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് ഇംഗ്ലിഷ് ഡിപ്പാർട്ട്മെന്റിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ശാരദാ ദേവി, ദേശീയ പഞ്ചഗുസ്തി താരം അമൽ ഇക്ബാൽ എന്നിവരാണ് ഈ വർഷത്തെ പുരസ്കാര ജേതാക്കൾ. ഇരുകൈകളുമില്ലാതെ ജനിച്ചിട്ടും ഇച്ഛാശക്തിയോടെ അതിജീവനത്തിന്റെ പാതയിൽ വിജയം വരിച്ച ഇടുക്കി തൊടുപുഴ സ്വദേശിനിയാണ് ജിലുമോൾ മരിയറ്റ് തോമസ്. കാലുകൾ കൊണ്ട് എഴുതി പ്ലസ്ടുവും അനിമേഷൻ ബിരുദവും നേടിയ ജിലുമോൾ, ആറ് വർഷത്തെ നീണ്ട നിയമപോരാട്ടത്തിനൊടുവിലാണ് കാലുകൾ കൊണ്ട് കാർ ഓടിച്ച് ഡ്രൈവിങ് ലൈസൻസ് സ്വന്തമാക്കിയത്. 2025ലെ കേരള ശ്രീ പുരസ്കാരവും ജിലുമോൾക്ക് ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സ്വദേശിനിയായ ഡോ. ശാരദാ ദേവി വീൽചെയർ യൂസറും ഡിസബിലിറ്റി സ്റ്റഡീസ് ഗവേഷകയും ഭിന്നശേഷി അവകാശ പ്രവർത്തകയുമാണ്. ഭിന്നശേഷിയുള്ള വ്യക്തികളുടെ അവകാശ സംരക്ഷണത്തിനും ബോധവൽക്കരണത്തിനുമായി അക്കാദമിക് തലത്തിലും പൊതുസമൂഹത്തിലും മികച്ച ഇടപെടലുകൾ നടത്തുന്ന വ്യക്തിത്വമാണ് ഇവർ. ഡോ. ശാരദയുടെ പോരാട്ടവീര്യം എസ്.സി.ഇ.ആർ.ടിയുടെ ഏഴാം ക്ലാസ് പാഠപുസ്തകത്തിലും ഇടംപിടിച്ചിട്ടുണ്ട്. പഞ്ചഗുസ്തിയിൽ ദേശീയതലത്തിൽ വെങ്കലവും സംസ്ഥാനതലത്തിൽ ഇരട്ട സ്വർണ്ണവും നേടിയ മലപ്പുറം കൊണ്ടോട്ടി സ്വദേശിയാണ് അമൽ ഇക്ബാൽ. മസ്കറ്റിൽ നടന്ന യു.എൻ മോഡൽ പാർലമെന്റിൽ ഔട്ട്സ്റ്റാന്റിംഗ് ഡിപ്ലോമസി അവാർഡ് കരസ്ഥമാക്കിയ അമൽ, സെറിബ്രൽ പാൾസി ബാധിച്ചിട്ടും ഹിമാചലിലെ ബ്യാസ് നദിയും കണ്ണൂരിലെ തേജസ്വിനി പുഴയും റിവർ റാഫ്റ്റിംഗിലൂടെ കീഴടക്കി വിസ്മയിപ്പിച്ചിട്ടുണ്ട്. പുരസ്കാര വിതരണം മാർച്ച് 4ന് തിരുവനന്തപുരത്ത് നടക്കും.

ഷൂട്ട് @ സൈറ്റ്



**മാലിന്യത്തിൽ നിന്നും ബയോ ഗ്യാസ്.....** പതിറ്റാണ്ടുകളായി കൊച്ചി നിവാസികൾ അനുഭവിക്കുന്ന മാലിന്യ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന ബ്രഹ്മപുരം കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ്.

## മാലിന്യ സംസ്കരണത്തിന് പുത്തൻ മാതൃക;

# ബ്രഹ്മപുരം സി ബി ജി പ്ലാന്റ് ഇന്ന് നാടിന് സമർപ്പിക്കും

**കൊച്ചി:** പതിറ്റാണ്ടുകളായി കൊച്ചി നിവാസികൾ അനുഭവിക്കുന്ന മാലിന്യ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമാകുന്ന ബ്രഹ്മപുരം കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റിന്റെ (സിബിജി) ഉദ്ഘാടനം ഇന്ന് രാവിലെ 10 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡിന്റെ (ബിപിസിഎൽ) നേതൃത്വത്തിലാണ് പ്രതിദിനം 150 ടൺ ജൈവമാലിന്യം സിബിജിയാക്കാൻ ശേഷിയുള്ള ആധുനിക പ്ലാന്റ് ബ്രഹ്മപുരത്ത് നിർമിച്ചത്.

ഗതാഗതം, വാണിജ്യം, വ്യവസായം, ഗാർഹികം എന്നീ മേഖലകളിൽ സിഎൻജിയ്ക്ക് പകരം ഉപയോഗിക്കാവുന്ന ഇന്ധനമായി കംപ്രസ്ഡ് ബയോഗ്യാസിന്റെ ഉത്പാദനം സാധ്യമാക്കുകയാണ് പ്ലാന്റിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി കംപ്രസ്ഡ് ബയോഗ്യാസിന്റെ പ്രതിദിന ഉത്പാദന പരിധി ഘട്ടംഘട്ടമായി ഉയർത്താനും പദ്ധതിയുണ്ട്. ജൈവമാലിന്യ സംസ്കരണത്തിനായി പ്ലാന്റ് പൂർണ സജ്ജമായതായി ബിപിസിഎൽ അധികൃതർ അറിയിച്ചു.

2018ലെ ദേശീയ ജൈവഇന്ധന നയത്തിന്റെ ഭാഗമായാണ് പദ്ധതി പ്രഖ്യാപിക്കപ്പെട്ടത്. ഫോസിൽ ഇന്ധനത്തിന്റെ ഇറക്കുമതി കുറച്ച് ജൈവ ഇന്ധന ഉൽപാദനത്തിൽ പരമാവധി സ്വയംപര്യാപ്തത നേടുകയെന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ബ്രഹ്മപുരത്ത് സ്ഥാപിച്ച പ്ലാന്റിലൂടെ പ്രതിദിനം 150 ടൺ ജൈവ മാലിന്യം സംസ്കരിക്കാനാകും. നഗരത്തിലെ 21 ഇടങ്ങളിലായി സജീകരിച്ചിട്ടുള്ള 181 ശേഖരണ കേന്ദ്രങ്ങളിലൂടെ സംസ്കരണത്തിന് ആവശ്യമായ ജൈവമാലിന്യം കോർപറേഷൻ നൽകും. അൺലോഡിങ് പിറ്റിലേക്ക് നിറയ്ക്കുന്ന മാലിന്യം ആനുപാതികമായ വെള്ളവും ചേർത്ത് മിശ്രിതമാക്കി ബയോഗ്യാസ് നിർമാണത്തിനായി ഹൈഡ്രോലൈസർ ടാങ്കിലേക്ക് മറ്റും. ഇതിനായി 12 മീറ്റർ ഉയരവും 30 മീറ്റർ വ്യാസവുമുള്ള രണ്ട് കൂറ്റൻ ഡൈജസ്റ്ററുകളാണ് പ്ലാന്റിൽ സജീകരിച്ചിട്ടുള്ളത്. വാട്ടർ സ്ക്രബർ സിസ്റ്റത്തിലൂടെ കടത്തിവിട്ട് കാർബൺ ഡയോക്സൈഡ്, ഹൈഡ്രജൻ സൾഫൈഡ് എന്നിവ നീക്കം ചെയ്തതിനുശേഷം ശുദ്ധീരിക്കുന്ന ബയോഗ്യാസ്, അമ്പലമുഗളിലെ പൈപ്പ്ലൈൻ വഴി ബിപിസിഎൽ റിഫൈനറിയിലേക്ക് എത്തിക്കും. ബ്രഹ്മപുരത്ത് കോർപറേഷൻ കൈമാറിയ 10 ഏക്കറിലാണ് പ്ലാന്റ് സ്ഥിതിചെയ്യുന്നത്. ഉദ്ഘാടന ചടങ്ങിൽ മന്ത്രിമാരായ പി. രാജീവ്, എം. ബി രാജേഷ്, എംപിമാരായ സുരേഷ് ഗോപി, ബെന്നി ബഹനാൻ, കൊച്ചി മേയർ അഡ്വ. വി കെ മിനിമോൾ, ഡെപ്യൂട്ടി മേയർ ദീപക് ജോയ്, ബിപിസിഎൽ ഡയറക്ടർ സഞ്ജയ് ഖന്ന, പി. വി ശ്രീനിജൻ എം.എൽ.എ, എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ജി രാധാകൃഷ്ണൻ, ജില്ലാ കളക്ടർ ജി. പ്രിയങ്ക തുടങ്ങിയവർ പങ്കെടുക്കും.

# ആദ്യ മാതൃകാ അസിസ്റ്റീവ് വില്ലേജ് മലപ്പുറത്ത്

**തിരുവനന്തപുരം:** ഭിന്നശേഷി കുട്ടികളുടെയും അവരുടെ മാതാപിതാക്കളുടെയും ഭാവി ആശങ്കകൾക്ക് പരിഹാരമായി സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത രാജ്യത്തെ ആദ്യ മാതൃകാ അസിസ്റ്റീവ് വില്ലേജിന് (സംയോജിത പുനരധിവാസ ഗ്രാമം) മലപ്പുറം ജില്ലയിലെ തിരൂരിൽ തുടക്കമാകുന്നു. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും ഒന്നിച്ച് താമസിക്കാനും എല്ലാവിധ പിന്തുണയും ഉറപ്പാക്കാനും ലക്ഷ്യമിട്ടുള്ള പദ്ധതിയുടെ ശിലാസ്ഥാപനം മന്ത്രി ഡോ. ആർ. ബിന്ദു നിർവ്വഹിച്ചു.

തിരൂർ താലൂക്കിലെ കുറുമ്പത്തോർ വില്ലേജിൽ ആതവനാട് പുത്തനത്താണി ചുങ്കം പ്രദേശത്തെ പാലക്കാട്ട് പറമ്പിലുള്ള അഞ്ചേക്കർ ഭൂമിയിലാണ് ഈ ബൃഹദ് പദ്ധതി യാഥാർത്ഥ്യമാകുന്നത്. കേരളത്തിൽ ഏറ്റവുമധികം ഭിന്നശേഷിക്കാരുള്ള ജില്ല എന്ന പരിഗണനയിലാണ് മലപ്പുറത്തെ ആദ്യ ഗ്രാമത്തിനായി തിരഞ്ഞെടുത്തത്. എൻഡോസൾഫാൻ ദുരന്തബാധിതർക്കായി കാസർഗോഡ് നടപ്പിലാക്കിയ സ്നേഹഗ്രാമം പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായതിന് പിന്നാലെയാണ് സംസ്ഥാനത്തെ മൂന്ന് മേഖലകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പുനരധിവാസ ഗ്രാമങ്ങൾ സ്ഥാപിക്കാനുള്ള സർക്കാരിന്റെ തീരുമാനത്തിന്റെ ഭാഗമായി മലപ്പുറത്ത് ആദ്യത്തേതിന് തുടക്കമാകുന്നതെന്ന് സെക്രട്ടേറിയറ്റിലെ പി ആർ ചേംബറിൽ നടന്ന വാർത്താസമ്മേളനത്തിൽ മന്ത്രി ഡോ. ആർ. ബിന്ദു അറിയിച്ചു.

65.48 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്കായി കോസ്റ്റ് ഫോർഡിന്റെ സഹായത്തോടെയാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള അസിസ്റ്റീവ് ലിവിംഗ് ഹോമുകൾക്ക് പുറമെ നിഷിന്റെ എക്സ്റ്റൻഷൻ സെന്ററും ഇവിടെ പ്രവർത്തിക്കും. ഭിന്നശേഷിക്കാരായ വ്യക്തികളുടെ സാമൂഹിക ഉൾച്ചേർക്കൽ ലക്ഷ്യമിട്ട് വൈകല്യങ്ങൾ നേരത്തേ കണ്ടെത്തി ഇടപെടൽ നടത്തുന്നതിനുള്ള സൗകര്യങ്ങളും സ്പെഷ്യൽ സ്കൂൾ, തെറാപ്പി, കൗൺസിലിംഗ് സംവിധാനങ്ങളും തൊഴിൽ പരിശീലനത്തിനും തൊഴിൽ നൈപുണ്യ വികസനത്തിനുമുള്ള കേന്ദ്രങ്ങളും ഇവിടെ ഒരുക്കും. പകൽ പരിചരണ കേന്ദ്രങ്ങളും കളിക്കളങ്ങളും സജ്ജമാക്കുന്നതിനു പുറമേ രക്ഷാകർതൃ ശാക്തീകരണ പരിപാടികൾ സംഘടിപ്പിക്കും. മാതാപിതാക്കളുടെ അഭാവത്തിൽ കുട്ടികൾക്കുള്ള സംരക്ഷണവും ഒരുക്കും. പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണത്തിനായി അഞ്ച് കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. അഡ്മിനിസ്ട്രേറ്റീവ് & വൊക്കേഷണൽ ട്രെയിനിംഗ് ബ്ലോക്ക്, ഡേ കെയർ സെന്റർ, ഹോർട്ടികൾച്ചർ ഏരിയ, റോഡ് നിർമ്മാണം എന്നിവയാണ് ആദ്യ ഘട്ടത്തിൽ പൂർത്തിയാക്കുക. തുടർന്നുള്ള പ്രവർത്തനങ്ങൾക്കായി നബാർഡ് സഹായം ലഭ്യമാക്കാനുള്ള നടപടികളും പുരോഗമിക്കുന്നു. ശിലാസ്ഥാപന ചടങ്ങിനോടൊപ്പം സാമൂഹ്യനീതി വകുപ്പിന്റെ 'സഹജീവനം സഹായകേന്ദ്രം' പ്രഖ്യാപനവും മന്ത്രി നിർവ്വഹിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പാത്രിയർക്കീസ് ബാവ ഇന്ത്യയിൽ; പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച്ച ഇന്ന്

**കൊച്ചി:** ആഗോള സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ ബാവ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ചയ്ക്കായി ഇന്ത്യയിലെത്തി. ഇസ്രായേൽ സന്ദർശനം പൂർത്തിയാക്കി തിരിച്ചെത്തുന്ന പ്രധാനമന്ത്രിയുമായി ഇന്ന് ഉച്ചയ്ക്ക് 12.15ന് പ്രധാനമന്ത്രി





യുടെ ഓഫീസിലാണ് കൂടിക്കാഴ്ച. മലങ്കര യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തയുമായ ബസേലിയോസ് ജോസഫ് ബാവ, യൗസേബിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്ത, ട്വന്റി20 പാർട്ടി പ്രസിഡന്റ് സാബു എം ജേക്കബ്, എൻ.ഡി.എ ചെയർമാൻ രാജീവ് ചന്ദ്രശേഖർ തുടങ്ങിയവരും കൂടിക്കാഴ്ചയിൽ പങ്കെടുക്കും.

# തിരുവമ്പാടി ക്ഷേത്രത്തിൽ പുതുക്കിയ നിത്യ അന്നദാന മണ്ഡപം സമർപ്പിച്ചു

**തൃശൂർ:** തിരുവമ്പാടി ക്ഷേത്രത്തിൽ ശീതീകരിച്ചു പുതുക്കി നിർമ്മിച്ച നിത്യ അന്നദാന മണ്ഡപം ഐ.സി.എൽ ഫിൻകോർപ്പ് സി.എം.ഡി അഡ്വ. അനിൽകുമാർ, വൈസ് ചെയർമാൻ ഉമ അനിൽകുമാർ എന്നിവർ ചേർന്ന് സമർപ്പിച്ചു. ചടങ്ങിൽ കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. രവീന്ദ്രൻ, തൃശ്ശൂർ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ എ. പ്രസാദ്, തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ നകുൽ ദേശ്മുഖ്, കല്യാൺ സിൽക്സ് സി. എം. ഡി പട്ടാഭിരാമൻ, പത്മശ്രീ ഐ. എം വിജയൻ, പാറമേക്കാവ് ദേവസ്വം പ്രസിഡന്റ് ഡോ. എം. ബാലഗോപാൽ, തിരുവമ്പാടി ഡിവിഷൻ കൗൺസിലർ അഡ്വ. രേഷ്മ മേനോൻ, തിരുവമ്പാടി ദേവസ്വം പ്രസിഡന്റ് കേണൽ പി. ആർ. എം



രവി, തിരുവമ്പാടി ദേവസ്വം സെക്രട്ടറി കെ. ഗിരീഷ്കുമാർ, ദേവസ്വം ഭരണസമിതി അംഗങ്ങൾ, ദേവസ്വം പ്രവർത്തകർ, ഭക്തജനങ്ങൾ എന്നിവർ പങ്കെടുത്തു. നവീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ജനീഷിനെ ചടങ്ങിൽ ആദരിച്ചു

## ആരോഗ്യകേരളം കാമ്പയിൻ: ഫൺ റൺ നാളെ

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ ആരോഗ്യകേരളം കാമ്പയിനിന്റെ ഭാഗമായി എറണാകുളം നിയമസഭാ മണ്ഡലത്തിലെ ആയുഷ് വകുപ്പ്, ദേശീയ ആയുഷ് മിഷൻ കേരളം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 'ഫൺ റൺ' സംഘടിപ്പിക്കുന്നു. ആരോഗ്യകരമായ ജീവിതശൈലി പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. നാളെ രാവിലെ 6.30 ന് കച്ചേരിപടിയിലെ ജില്ലാ ആയുർവേദ ആശുപത്രിയിൽ നിന്ന് ആരംഭിക്കുന്ന റൺ, പുല്ലേപ്പടിയിലെ ജില്ലാ ഹോമിയോ ആശുപത്രിയിൽ സമാപിക്കും. ടി ജെ വിനോദ് എം.എൽ.എ പരിപാടി ഫ്ളാഗ് ഓഫ് ചെയ്യും. പൊതുജനങ്ങൾക്ക് പങ്കെടുക്കാം. രജിസ്ട്രേഷൻ ഫീസ് ഇല്ല. ജേഴ്സിയും ലഘുഭക്ഷണവും ഉറപ്പാക്കുന്നതിനായി മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷനായി ബന്ധപ്പെടേണ്ട നമ്പർ: 9188703016.



*കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ മെറ്റീരിയൽസ് ആൻഡ് ഡിവൈസസിൽ (ഐ യു സി എൻ ഡി) നിന്നും ഫാക്കൽറ്റി ഓഫ് ടെക്നോളജിയിൽ പിഎച്ച്ഡി നേടിയ മുബീന റാഫി. നെടുങ്കം എം.ഇ.എസ് കോളേജ് മുൻ ലൈബ്രേറി അസിസ്റ്റന്റ് മുഹമ്മദ് റാഫിയുടെയും, സൂപ്രണ്ട് കെ. എസ് സുഹറയുടെയും മകളാണ്. ഭർത്താവ്: അൽത്താഫ് കെ. ഷാഫി.*

## കേരളത്തിലെ ഹൈന്ദവ സമൂഹം ഐക്യത്തിന്റെ പാതയിൽ : സ്വാമി അയ്യപ്പദാസ്

**കൊച്ചി:** പലതരം കാരണങ്ങൾ കൊണ്ട് ഭിന്ന ചേരികളിൽ ശിഥിലമായി കിടന്ന കേരളത്തിലെ ഹൈന്ദവ സമൂഹം ഇന്ന് ഐക്യത്തിന്റെ പാതയിൽ ശക്തി ആർജ്ജിക്കുകയാണെന്ന് സ്വാമി അയ്യപ്പദാസ് പറഞ്ഞു. ശ്രീ ശങ്കര ജയന്തിയോട് അനുബന്ധിച്ച് കേരള സ്റ്റേറ്റ് ഹിന്ദു ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ എറണാകുളത്ത് നടക്കുന്ന കനകധാരാ മഹാ യാഗത്തിന്റെ യാഗ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഈ ഉണർവിന് കരുത്ത് പകർന്നതിൽ കേരളത്തിലെ സന്യാസി സമൂഹം വലിയ പങ്കാണ് വഹിച്ചതെന്നും അദ്ദേഹം പറഞ്ഞു. ഹിന്ദു ദേവസ്വം ബോർഡ് സെക്രട്ടറി ടി ആർ ദേവൻ അധ്യക്ഷത വഹിച്ചു. ഹിന്ദു ദേവസ്വം ബോർഡ് ജനറൽ കൺവീനർ കെ പി ശിവദാസ് അമര പ്രഭു ഫൗണ്ടേഷൻ ചെയർമാൻ പി വി മുകുന്ദകുമാർ സുകുമാരി മാരാത്ത് മട്ടലിൽ ദേവസ്വം ട്രസ്റ്റ്



*കനകധാര യാഗ സംഗമത്തിന് കൊച്ചിയിലെത്തിയ സ്വാമി അയ്യപ്പദാസിന് പൂർണ്ണ കുംഭം നൽകി കേരള സ്റ്റേറ്റ് ഹിന്ദു ദേവസ്വം ബോർഡ് ഭാരവാഹികൾ സ്വീകരിക്കുന്നു. ടി. ആർ ദേവൻ, ആർ. ഗിരീഷ്, പി. ബി മുകുന്ദൻ, കെ. പി ശിവദാസ്, ശങ്കരവാഹിനി കോഡിനേറ്റർ സുകുമാരി മാരാത്ത് എന്നിവർ സമീപം*

ചെയർമാൻ കെ.കെ മാധവൻ എന്നിവർ പ്രസംഗിച്ചു. സംഗമം ഉദ്ഘാടനം ചെയ്യാനെത്തിയ സ്വാമിയെ ദേവസ്വം ബോർഡ് ഭാരവാഹികളും ഭക്തജനങ്ങളും പൂർണ്ണ കുംഭം നൽകിയാണ് സ്വീകരിച്ചത്. ദേവസ്വം ബോർഡ് മെമ്പർ കെ. വി സാബു ഗൗഡ സാരസ്വത സേവാ സംഘം പ്രസിഡന്റ് കെ. രവീന്ദ്രനാഥ്, യാഗ സമിതി നെട്ടൂർ മേഖലാ പ്രസിഡന്റ് പുത്ര സാഗർ എന്നിവർ സ്വീകരണത്തിനും ട്രസ്റ്റ് ഭാരവാഹികളായ ആർ ഗിരീഷ്. കെ ബി മുരുകൻ. രതീഷ് ഹരിഹരൻ. പ്രസന്ന വാസുദേവൻ. മിനി ആർ. നായർ എന്നിവർ ചടങ്ങുകൾക്കും നേതൃത്വം നൽകി.

## സൗജന്യ കേൾവി പരിശോധന: രജിസ്ട്രേഷൻ ആരംഭിച്ചു

**കൊച്ചി:** ലോക കേൾവി ദിനാചരണത്തിന്റെ ഭാഗമായി ഐഎപി കൊച്ചിൻ ചൈൽഡ് കെയർ സെന്ററുമായി സഹകരിച്ച് നവജാത ശിശുക്കൾക്കും കുട്ടികൾക്കുമായി മാർച്ച് നാലിന് സൗജന്യ കേൾവി പരിശോധന ക്യാമ്പ് സംഘടിപ്പിക്കും. എറണാകുളം പനമ്പിള്ളി നഗർ റോട്ടറി ബാലഭവനിലെ ചൈൽഡ് കെയർ സെന്ററിൽ രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ നടക്കുന്ന ക്യാമ്പിൽ ഒ.എ.ഇ, ബി.ഇ.എ.ആർ.എ, പി.ടി.എ പരിശോധനകൾ സൗജന്യമായി നടത്തും. ക്യാമ്പിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 04847961167, 9895705080 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെട്ട് മാർച്ച് രണ്ടിന് മുമ്പായി പേര് രജിസ്റ്റർ ചെയ്യണമെന്ന് ചൈൽഡ് കെയർ സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. അബ്രാഹം കെ. പോൾ അറിയിച്ചു.

## പുല്ലേപ്പടി റെയിൽവേ ഓവർബ്രിഡ്ജിൽ അറ്റകുറ്റപ്പണി ; രാത്രികാല ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി

**കൊച്ചി:** പുല്ലേപ്പടി റെയിൽവേ ഓവർബ്രിഡ്ജിലെ അടിയന്തര അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ഇന്നും പാലത്തിലൂടെയുള്ള ഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. രാത്രി ഒൻപതു മുതൽ പിറ്റേന്ന് രാവിലെ ആറു വരെയാണ് പാലം പൂർണ്ണമായും അടച്ചിട്ട് പണികൾ നടത്തുന്നത്. ഈ സമയങ്ങളിൽ ഇതുവഴി വരേണ്ട വാഹനങ്ങൾ ബദൽ റോഡുകളിലൂടെ വഴിതിരിഞ്ഞു പോകണമെന്ന് അധികൃതർ അറിയിച്ചു

## അങ്കണവാടി പെൻഷന് 20 കോടി അനുവദിച്ചു

**തിരുവനന്തപുരം:** വിരമിച്ച അങ്കണവാടി ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി 20 കോടി രൂപ അനുവദിച്ചതായി ധനകാര്യ മന്ത്രി കെ.എൻ ബാലഗോപാൽ അറിയിച്ചു. അങ്കണവാടി വർക്കർമാരുടെയും ഹെൽപർമാരുടെയും ക്ഷേമനിധി ബോർഡിനാണ് സർക്കാർ സാമ്പത്തിക സഹായം ലഭ്യമാക്കിയത്. ബോർഡിനായി ഈ വർഷം 5.44 കോടി രൂപയാണ് സർക്കാർ സഹായമായി നൽകേണ്ടിയിരുന്നത്. എന്നാൽ, 61.32 കോടി രൂപ ഇതിനകം ലഭ്യമാക്കി. വിരമിച്ച അങ്കണവാടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സാമ്പത്തിക ഞെരുക്കത്തിനിടിലും വലിയ സഹായമാണ് സർക്കാർ നൽകുന്നതെന്ന് ധനകാര്യ മന്ത്രി വ്യക്തമാക്കി. മൂന്ന് വർഷത്തിനുള്ളിൽ ക്ഷേമനിധി ബോർഡിന് സർക്കാർ സഹായമായി 96.21 കോടി രൂപ നൽകിയിട്ടുണ്ട്. ഇക്കാലയളവിലെ ബജറ്റിൽ ഇതിനായി നീക്കിവച്ചിരുന്നത് 21 കോടി രൂപയായിരുന്നു. എന്നാൽ, 75 കോടി രൂപയാണ് അധികമായി നൽകിയത്.

## തൊഴിലാളി ശ്രേഷ്ഠ പുരസ്കാരം 2024: വിതരണം ഇന്ന്

**തിരുവനന്തപുരം:** സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ കഴിവും ഉത്പാദനക്ഷമതയും പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നൽകുന്ന തൊഴിലാളി ശ്രേഷ്ഠ പുരസ്കാരം 2024 വിതരണം ഇന്ന് വൈകുന്നേരം മൂന്നിന് തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ നടക്കും. മന്ത്രി വി ശിവൻകുട്ടി ചടങ്ങിന്റെ ഉദ്ഘാടനവും പുരസ്കാര വിതരണവും നിർവ്വഹിക്കും. തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷൽ സെക്രട്ടറി എസ് ഷാനവാസ് അധ്യക്ഷത വഹിക്കും. സെക്യൂരിറ്റി ഗാർഡ് , ചുമട്ട് തൊഴിലാളി, നിർമ്മാണ തൊഴിലാളി, കള്ളുചെത്ത് തൊഴിലാളി, മരം കയറ്റ തൊഴിലാളി, തയ്യൽ തൊഴിലാളി, കയർ തൊഴിലാളി, കശുവി തൊഴിലാളി, മോട്ടോർ തൊഴിലാളി, സെയിൽസ് മാൻ / സെയിൽസ് വുമൺ ,നേഴ്സ്, ഗാർഹിക തൊഴിലാളി, ടെക്സ്റ്റൈൽ മിൽ തൊഴിലാളി, കരകൗശല വൈവിധ്യ പാരമ്പര്യ തൊഴിലാളികൾ ( ഇരുമ്പ് പണി, മരപ്പണി, കൽപ്പണി, വെങ്കലപ്പണി, കളിമൺപാത്ര നിർമ്മാണം, കൈത്തറി വസ്ത്ര നിർമ്മാണം, ആഭരണ നിർമ്മാണം, ഈറ്റ കാട്ടുവള്ളി പാരമ്പര്യ തൊഴിലാളി), മാനുഫാക്ച്ചറിങ് പ്രോസസിംഗ് മേഖലയിലെ തൊഴിലാളികൾ (മരുന്ന് നിർമ്മാണ തൊഴിലാളി, ഓയിൽ മിൽ തൊഴിലാളി, ചെരുപ്പ് നിർമ്മാണ തൊഴിലാളി, ഫിഷ് പീലിംഗ് തൊഴിലാളി), മത്സ്യ ബന്ധന വിൽപ്പന തൊഴിലാളികൾ, ഐ റ്റി, ബാർബർ ബ്യൂട്ടീഷ്യൻ, പാചക തൊഴിലാളി എന്നിങ്ങനെ ഇരുപത് മേഖലകളിലെ തൊഴിലാളികളെയാണ് 2024 ലെ തൊഴിലാളി ശ്രേഷ്ഠ പുരസ്കാരത്തിന് പരിഗണിച്ചത്.

## ടെൻഡർ

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ വരുന്ന കൂവപ്പടി ഐസിഡിഎസ് പ്രൊജെക്റ്റ് ഓഫീസിലെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഡ്രൈവറില്ലാതെ വാഹനം മാത്രം കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുത്തുപയോഗിക്കുന്നതിന് താൽപ്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് രണ്ടിന് ഉച്ചക്ക് രണ്ട് വരെ. ഫോൺ:04842520783

# തെരുവോരക്കച്ചവടം നിരോധിക്കും: മേയർ

**കൊച്ചി:** കൊച്ചി കോർപ്പറേഷൻ പരിധിയിൽ അനധികൃതമായി നടക്കുന്ന തെരുവോരക്കച്ചവടം നിരോധിക്കാൻ നടപടി സ്വീകരിക്കുമെന്ന് കൊച്ചി മേയർ അഡ്വ. വി. കെ മിനിമോൾ പറഞ്ഞു. തദ്ദേശ തിരഞ്ഞെടുപ്പിൽ വിജയിച്ച ഏകോപന സമിതിയംഗങ്ങളായ വ്യാപാരികളെയും അവരുടെ കുടുംബാംഗങ്ങളായ ജനപ്രതിനിധികളെയും ആദരിക്കുന്നതിനായി കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ കൗൺസിൽ എറണാകുളം ടൗൺഹാളിൽ സംഘടിപ്പിച്ച സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മേയർ. ഓൺലൈൻ ഉൾപ്പെടെ ആധുനിക രീതിയിലുള്ള വ്യാപാര ശൈലികൾ വ്യാപകമായതോടെ ഇടത്തരം, ചെറുകിട വ്യാപാരികൾ കടുത്ത പ്രതിസന്ധിയാണ് നേരിടുന്നത്. ഇതിനിടയിലാണ് അനധികൃത തെരുവോരക്കച്ചവടവും തകൃതിയായി നടക്കുന്നത്. ഇത് ഒരു കാരണവശാലും അംഗീകരിക്കില്ലെന്നും തെരുവോരക്കച്ചവടം പൂർണ്ണമായും നിരോധിക്കുമെന്നും മേയർ കൂട്ടിച്ചേർത്തു. ഏകോപന സമിതി ജില്ലാ പ്രസിഡന്റ് പി. സി ജേക്കബ്ബ് അധ്യക്ഷത വഹിച്ചു. ടി.ജെ വിനോദ് എം.എൽ.എ മുഖ്യ പ്രഭാഷണം നടത്തി. മേയർ അഡ്വ. വി.കെ മിനിമോൾ, കോതമംഗലം നഗരസഭാ ചെയർപേഴ്സൺ ഭാനുമതി രാജൻ, ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സെബാസ്റ്റ്യൻ വേവുകാട്ട്, മാറാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷാന്റി എബ്രാഹം, മുളവ്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അക്വലിൻ ലോപസ്, തുറവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.പി മാർട്ടിൻ, മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സണ്ണി പൈനാടത്ത്, കുന്നത്ത് നാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.പി കുഞ്ഞുമുഹമ്മദ്, വടവുകോട്-പുത്തൻ കുരിശ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റെജി തോമസ്, മഴുവന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി മോഹൻദാസ് , ശ്രീമുലനഗരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രിൻസി ഡേവിഡ്, ചെല്ലാനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെസി അഗസ്റ്റിൻ, മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടോമി തന്നിട്ടമാക്കൽ ഉൾപ്പെടെ 153 ജനപ്രതിനിധികളെയായിരുന്നു ആദരിച്ചത്. ജില്ലാ ജനറൽ സെക്രട്ടറി സി. എസ് രാമചന്ദ്രൻ, വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത്, ട്രഷറർ സി.എസ് അജ്മൽ, ജില്ലാ വൈസ് പ്രസിഡന്റ് എം. സി പോൾസൺ തുടങ്ങിയവർ സംസാരിച്ചു.

ജില്ലാ കൗൺസിൽ യോഗം എകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര ഉദ്ഘാടനം ചെയ്തു.




*തദ്ദേശ തിരഞ്ഞെടുപ്പിൽ വിജയിച്ച ഏകോപന സമിതിയംഗങ്ങളായ വ്യാപാരികളെയും അവരുടെ കുടുംബാംഗങ്ങളായ ജനപ്രതിനിധികളെയും ആദരിക്കുന്നതിനായി കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ കൗൺസിൽ എറണാകുളം ടൗൺഹാളിൽ സംഘടിപ്പിച്ച സമ്മേളനം കൊച്ചി മേയർ അഡ്വ. വി. കെ മിനിമോൾ ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ, സംസ്ഥാന ഭാരവാഹികൾ വേദിയിൽ.*

# ടൂറിസത്തിന് കരുത്തേകി ക്രിക്കറ്റ് സീസൺ; വേഗത്തിൽ വളരുന്ന നഗരമായി തിരുവനന്തപുരം

**തിരുവനന്തപുരം :** ക്രിക്കറ്റ് സീസൺ കാലത്ത് ആഭ്യന്തര യാത്രയിൽ ഗണ്യമായ കുതിച്ചുചാട്ടം നടക്കുന്നതായും, തിരുവനന്തപുരം അതിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കളിൽ ഒന്നായി ഉയർന്നുവെന്നും എയർബിഎൻബി പഠനം. ക്രിക്കറ്റ് മത്സരങ്ങൾ നടക്കുന്ന നഗരങ്ങളിലേക്കുള്ള യാത്രകൾക്കായുള്ള തിരച്ചിലുകളിലും ബുക്കിംഗുകളിലും വർഷം തോറും ശക്തമായ വളർച്ചയാണ് രേഖപ്പെടുത്തുന്നതെന്ന് എയർബിഎൻബിയുടെ പഠനം വ്യക്തമാക്കുന്നു. ക്രിക്കറ്റ് മത്സരങ്ങൾ കാണുന്നതിനായി ആഭ്യന്തര സഞ്ചാരികൾ തിരുവനന്തപുരത്ത് താമസത്തിനായി നടത്തിയ ഓൺലൈൻ തിരച്ചിലുകളിൽ കഴിഞ്ഞ വർഷത്തേതിനേക്കാൾ 110%ത്തിലധികം വർദ്ധനയാണ് രേഖപ്പെടുത്തിയത്. ഇത് കേരള തലസ്ഥാനത്തെ റാഞ്ചി, ജയ്പൂർ, ലഖ്നൗ തുടങ്ങിയ അതിവേഗം വളരുന്ന ക്രിക്കറ്റ് ഡെസ്റ്റിനേഷനുകൾക്കൊപ്പം നിർത്തുന്നു. തിരച്ചിലുകളിൽ റാഞ്ചി ഏകദേശം 120% വർദ്ധനവ് രേഖപ്പെടുത്തിയപ്പോൾ, ജയ്പൂരും ലഖ്നൗവും യഥാക്രമം 70%, 60% എന്നിങ്ങനെ വളർച്ച കൈവരിച്ചു.

തിരുവനന്തപുരത്തോടുള്ള താൽപര്യം വർദ്ധിക്കുന്നത് ക്രിക്കറ്റ് ഇവന്റുകൾ എങ്ങനെ തെക്കൻ ആതിഥേയ നഗരങ്ങളെ ദേശീയ ശ്രദ്ധയാകർഷിക്കാൻ സഹായിക്കുന്നുവെന്ന് പ്രതിഫലിപ്പിക്കുന്നു.

ക്രിക്കറ്റ് ഏറെക്കാലമായി രാജ്യത്തെ ഒരുമിപ്പിച്ച കായിക മേഖലയാണ്, ആരാധകർ ക്രിക്കറ്റിനെ ചുറ്റിപ്പറ്റി അർത്ഥപൂർണമായ യാത്രകൾ ആസൂത്രണം ചെയ്യുകയാണെന്നും എയർബിഎൻബിയുടെ കൺട്രി ഹെഡ് അമൻപ്രീത് സിംഗ് ബജാജ് പറഞ്ഞു

## ഐ.എച്ച്.ആർ.ഡി സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി.യുടെ തിരുവനന്തപുരം മുട്ടട റീജിയണൽ സെന്ററിൽ 2026 ജനുവരി മുതൽ ആരംഭിച്ച സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി സയൻസിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

എസ്.എസ്.എൽ.സി.യാണ് അടിസ്ഥാന യോഗ്യത. എസ്സ്.സി / എസ്സ്.റ്റി / ഒ.ഇ.സി വിഭാഗക്കാർക്ക് ഗവണ്മെന്റ് നിശ്ചയിച്ചിട്ടുള്ള ഫീസ് ഇളവ് ലഭിക്കും. പ്രവേശനത്തിനായി ഐ.എച്ച്.ആർ.ഡി. യുടെ റീജിയണൽ സെന്ററിൽ നേരിട്ടോ 9495069307, 8547005087, 9400519491, 04712550612 (0) എന്നീ നമ്പറുകളിലോ ബന്ധപ്പെടുക.

# ‘ഹില്ലി അക്വ ’ ഇനി മുതൽ പരിസ്ഥിതി സൗഹൃദ ബയോഡീഗ്രേഡബിൾ ബോട്ടിലിൽ

**തിരുവനന്തപുരം:** കുടിവെള്ള വിതരണത്തിനായി ബയോഡീഗ്രേഡബിൾ ബോട്ടിൽ ഇന്ത്യയിൽ ആദ്യമായി അവതരിപ്പിച്ച് കേരളം അഭിമാനകരമായ നേട്ടം സ്വന്തമാക്കിയതായി ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കുടിവെള്ള കമ്പനിയായ ഹിലി അക്വ അവതരിപ്പിക്കുന്ന പരിസ്ഥിതി സൗഹൃദ ബയോഡീഗ്രേഡബിൾ ബോട്ടിലിന്റെ വിതരണോദ്ഘാടനം തിരുവനന്തപുരം സർക്കാർ ഗസ്റ്റ് ഹൗസിൽ നടന്ന ചടങ്ങിൽ മന്ത്രി നിർവഹിച്ചു. ബയോ ബോട്ടിലുകൾ ചോളം, കരിമ്പ് മുതലായ പുനരുപയോഗിക്കാവുന്ന വിഭവങ്ങളിൽ നിന്നുള്ള അന്നജത്തിൽ നിന്ന് നിർമ്മിക്കുന്ന പോളി ലാക്റ്റിക് ആസിഡ് പ്രീഫോമുകളാണ്. സുതാര്യവും ഭാരം കുറഞ്ഞതുമായ ഇവ പരമ്പരാഗത പ്ലാസ്റ്റിക് കുപ്പികളോട് സാമ്യമുള്ളതാണ്. വ്യാവസായിക സൗകര്യങ്ങളിൽ കൃത്യമായ താപനിലയും ഈർപ്പവും ലഭ്യമായാൽ ഇവ കമ്പോസ്റ്റിംഗ് പ്രക്രിയയ്ക്ക് വിധേയമാകുന്നു. കൂടാതെ ക്യാപ്പ്, ലേബൽ, പാക്കേജിങ് മെറ്റീരിയൽസ് എന്നിവയും ബയോ ഡിഗ്രേഡബിൾ വസ്തുക്കളായിരിക്കും. കൊച്ചി ആസ്ഥാനമായുള്ള എയിറ്റ് സ്പെഷ്യലിസ്റ്റ് സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്റ്റാർട്ടപ്പ് സ്ഥാപനമാണ് ബയോ ബോട്ടിലുകളുടെ അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്യുന്നത്. ഹരിത ചട്ടം പ്രഖ്യാപിച്ച പ്രദേശങ്ങളായ ശബരിമല, മലയാറ്റൂർ തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങൾക്കും സംസ്ഥാന വിനോദസഞ്ചാര മേഖലയ്ക്കും ഈ ഉൽപ്പന്നം ഏറെ ഗുണകരമായിരിക്കും. സംസ്ഥാന സർക്കാരിന്റെ ജലവിഭവ വകുപ്പിന് കീഴിലുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കുപ്പിവെള്ള നിർമ്മാണ യൂണിറ്റാണ് ഹില്ലി അക്വ. പരിസ്ഥിതി സൗഹൃദമായ ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടത് കാലത്തിന്റെ ആവശ്യമാണ്. ബോട്ടിലിന്റെയും അടപ്പിന്റെയുമടക്കം നിർമ്മാണത്തിൽ ഉപയോഗിച്ചിരിക്കുന്ന ചോളം, കരിമ്പ് തുടങ്ങിയവയിൽ നിന്നുള്ള അന്നജ അടിസ്ഥാനത്തിലുള്ള വസ്തുക്കൾ മണ്ണിൽ ലയിച്ച് ചേർന്നുപോകുന്നവയാണ്. ഉത്പ്പാദനത്തിനുള്ള സാങ്കേതിക തടസങ്ങൾ ഇല്ലാതാക്കിയതായും ആവശ്യമായ എല്ലാ അംഗീകാരങ്ങളും ലഭിച്ചതായും മന്ത്രി അറിയിച്ചു. മറ്റ് സംസ്ഥാനങ്ങളിൽ 5 ലിറ്റർ കാനുകൾക്ക് മാത്രം അനുമതി ഉള്ള സാഹചര്യത്തിൽ, കേരളം പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് മുന്നേറുകയാണ്. കൂടുതൽ ഉൽപ്പാദനം സാധ്യമാക്കി കയറ്റുമതിയും ആരംഭിച്ചു. ദക്ഷിണേന്ത്യയിൽ ആദ്യമായി കുപ്പിവെള്ളം കയറ്റി അയക്കുന്ന സംസ്ഥാനമായി കേരളം മാറി. യു എ ഇ, ഒമാൻ, സൗദി അറേബ്യ എന്നിവടങ്ങിളിലേക്ക് ഓർഡർ ലഭിച്ചിട്ടുണ്ട്. പൊതുജന താൽപര്യാർഥം ആർ.സി.സി യിൽ 24 മണിക്കൂറും ലഭിക്കുന്ന വൈൻഡിംഗ് മെഷീൻ സ്ഥാപിച്ചു. കെ.എസ്.ആർ.ടി.സി. ബസുകളിലെ കുടിവെള്ള വിതരണത്തിനുള്ള കരാറുകൾ നടപ്പിലാക്കുന്നതിലൂടെയും വിതരണ ശൃംഖല വിപുലമാക്കിയും ഹില്ലി അക്വയുടെ ഗുണമേന്മയുള്ള കുടിവെള്ളം സംസ്ഥാനത്ത് വ്യാപകമാക്കുമെന്ന് മന്ത്രി അറിയിച്ചു. തൊടുപുഴ, അരുവിക്കര എന്നിവയ്ക്ക് പുറമേ ആലുവ, കട്ടപ്പന, ചക്കിട്ടപ്പാറ എന്നിവിടങ്ങളിലും പുതിയ പ്ലാന്റുകൾ ആരംഭിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകുന്നതോടൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പദ്ധതി സഹായകരമാകുമെന്ന് മന്ത്രി പറഞ്ഞു.

## എംപ്ലോയബിലിറ്റി സെന്റർ ഇന്റർവ്യൂ ഇന്ന്

**കൊച്ചി:** എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധമായി പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ പെരുമ്പാവൂർ സെന്റ് മേരീസ് കോളേജ് ഓഫ് കോമേഴ്സ് ആൻഡ് മാനേജ്മെന്റ് സ്റ്റഡീസിൽ ഇന്ന് രാവിലെ 10 മുതൽ ഉച്ചക്ക് രണ്ട് വരെ സ്വകാര്യ മേഖലയിലെ വിവിധ കമ്പനികൾക്കായി ഇന്റർവ്യൂ നടത്തും. എസ്.എസ്.എൽ.സി, പ്ലസ് ടു, ബിരുദം, ബി.സി.എ, എം.സി.എ, ഐ.ടി.ഐ /ഡിപ്ലോമ ഇൻ ഇലക്ട്രോണിക്സ്, ഐ.ടി.ഐ/ ഡിപ്ലോമ ഇൻ മെക്കാനിക്കൽ ഡ്രാഫ്റ്റ്സ്മാൻ, ബി.ടെക്/ ബി.ഇ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ്, എന്നീ യോഗ്യതകൾ ഉള്ളവർക്ക് പങ്കെടുക്കാം. ഫോൺ:0484-2422452, 9446926836, 6282442046, 9446025780

## അസാപ്പിൽ സൗജന്യ കോഴ്സുകൾ

**കൊച്ചി:** പെരുമ്പാവൂരിലെ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ പ്രധാനമന്ത്രി കൗശൽ വികാസ് യോജന (പി.എം.കെ.വി.വൈ) പദ്ധതിയുടെ ഭാഗമായി സൗജന്യ സ്കിൽ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നു. ആപ്ലിക്കേഷൻ ഡെവലപ്പർ ഫോർ വെബ് ആൻഡ് മൊബൈൽ, ജൂനിയർ ഡേറ്റ അനലിസ്റ്റ് ഫോർ ഫിനാൻസ് സർവീസസ് എന്നീ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ എഡ്യൂക്കേഷൻ ആൻഡ് ട്രെയ്നിങ് (എൻ.സി.വി.ഇ.ടി) സർട്ടിഫൈഡ് കോഴ്സുകളാണ് നടത്തുന്നത്.

എൻജിനിയറിങ്, സയൻസ് ബിരുദങ്ങളിൽ രണ്ട് വർഷം പൂർത്തിയാക്കിയവർ അല്ലെങ്കിൽ പത്താംതരത്തിന് ശേഷം വിഷയത്തിൽ മൂന്ന് വർഷം ഇന്റേൺഷിപ്പോടുകൂടി ഡിപ്ലോമ പൂർത്തിയായവർക്ക് ആപ്ലിക്കേഷൻ ഡെവലപ്പർ കോഴ്സിലേക്ക് അപേക്ഷിക്കാം. പ്ലസ്ടു പാസായവർക്ക് ജൂനിയർ ഡേറ്റ അനലിസ്റ്റ് കോഴ്സിന് അപേക്ഷിക്കാം. കിൻഫ്ര ബയോടെക് പാർക്കിലുള്ള അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിലാണ് പരിശീലനം.

# വേനൽക്കാല ക്യാഷ്ബാക്ക് ഓഫർ പ്രഖ്യാപിച്ച് കൺഫേംടിക്കറ്റ്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര അംഗീകൃത ബി2സി ഓൺലൈൻ ട്രെയിൻ ടിക്കറ്റിംഗ് ആൻഡ് ട്രാവൽ യൂട്ടിലിറ്റി പ്ലാറ്റ്ഫോമായ കൺഫേംടിക്കറ്റ് ഈ വേനൽക്കാലത്ത് ഉപയോക്താക്കൾക്കായി ഒരു ശതമാനം ക്യാഷ്ബാക്ക് ഓഫർ പ്രഖ്യാപിച്ചു. അടുത്ത 90 ദിവസത്തിനുള്ളിൽ നടത്തുന്ന ബുക്കിംഗിൽ പരിധിയില്ലാത്ത ക്യാഷ്ബാക്ക് റിഡീം ചെയ്യാവുന്നതാണെന്ന് കൺഫേംടിക്കറ്റ് അറിയിച്ചു. കൺഫേംടിക്കറ്റ് ആപ്പിൽ ട്രെയിൻ ടിക്കറ്റുകൾ ബുക്ക് ചെയ്യുന്ന ഉപയോക്താക്കൾക്ക് കൺഫേംടിക്കറ്റ് വാലറ്റിൽ നേരിട്ട് ഒരു ശതമാനം ക്യാഷ്ബാക്ക് ലഭിക്കും. 2026 മെയ് 31 വരെ ഓഫർ ലഭിക്കും.

റിവാർഡ് തുകയ്ക്ക് പരിധിയില്ലാതെ, ഓഫർ കാലയളവിൽ യാത്രക്കാർക്ക് പരിധിയില്ലാത്ത ക്യാഷ്ബാക്ക് നേടാൻ കഴിയും. ബുക്ക് ചെയ്തതിന് ശേഷം ക്യാഷ്ബാക്ക് ഓട്ടോമാറ്റിക്കായി ക്രെഡിറ്റ് ചെയ്യപ്പെടുന്നതായി കൺഫേംടിക്കറ്റ് അറിയിച്ചു. അധിക ഘട്ടങ്ങളോ സങ്കീർണ്ണതകളോ ഇല്ലാത്ത ലളിതവും തടസ്സമില്ലാത്തതുമായ പ്രക്രിയയിലൂടെ റിവാർഡ് ഉപയോക്താക്കളിലെത്തുന്നു. കൂടുതൽ കൃത്യതയുള്ള വെയിറ്റ്ലിസ്റ്റ് പ്രവചനം, സീറ്റുകൾ പരിമിതമാകുമ്പോൾ മറ്റ് ട്രെയിൻ ഓപ്ഷനുകൾ, ഇതര യാത്രാ പ്ലാൻ ഓപ്ഷനുകൾ, തത്സമയ ട്രെയിൻ സ്റ്റാറ്റസ് അപ്ഡേറ്റുകൾ, തടസ്സമില്ലാത്ത പിഎൻആർ ട്രാക്കിംഗ്, തൽക്ഷണ റീഫുകൾ, സീറ്റ് ലഭ്യത അലേർട്ടുകൾ, വേഗത്തിലുള്ള യുപിഐ പ്രാപ്തമാക്കിയ പേയ്മെന്റുകൾ തുടങ്ങിയ സേവനങ്ങളും ലഭ്യമാക്കുന്നതായി കൺഫേംടിക്കറ്റ് അറിയിച്ചു.

ഇന്ത്യയിലെ ഏറ്റവും തിരക്കേറിയ യാത്രാ സീസണുകളിൽ ഒന്നായ വേനൽക്കാലത്ത് കുടുംബങ്ങളും വിദ്യാർത്ഥികളും പ്രൊഫഷണലുകളും കൂടുതൽ യാത്രകൾ ചെയ്യുന്നതിനാലാണ് ക്യാഷ്ബാക്ക് ഓഫർ ഏർപ്പെടുത്തിയതെന്ന് ഇക്സിഗോ ട്രെയിൻസ് കൺഫേം ടിക്കറ്റ് സിഇഒ ദിനേശ് കുമാർ കോത്ത പറഞ്ഞു. മെയ് 31 വരെ സാധുതയുള്ള ഈ ഓഫർ വേനൽക്കാലത്തെ ഏറ്റവും തിരക്കേറിയ യാത്രാ വിൻഡോയെ ഉൾക്കൊള്ളുന്നതായും ഇത് യാത്രക്കാർക്ക് അവരുടെ വരാനിരിക്കുന്ന അവധിക്കാല, മടക്ക യാത്രകളിൽ പ്രയോജനം നേടാൻ സഹായിക്കുന്നു. പരിധിയില്ലാതെ ക്യാഷ്ബാക്ക് ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതായും അദ്ദേഹം പറഞ്ഞു.

# ജിക്സർ പിറ്റ് സ്റ്റോപ്പ് സംഘടിപ്പിച്ച് സുസുക്കി

**കൊച്ചി:** സുസുക്കി മോട്ടോർസൈക്കിൾ ഇന്ത്യ കോഴിക്കോട് ലുലു മാളിൽ ജിക്സർ പിറ്റ് സ്റ്റോപ്പ് എന്ന പേരിൽ ഉപഭോക്തൃ എംഗേജ്മെന്റ് പരിപാടി സംഘടിപ്പിച്ചു. 130ത്തിലധികം മോട്ടോർസൈക്കിൾ പ്രേമികൾ പരിപാടിയിൽ പങ്കെടുത്തു. ജിക്സർ സീരീസ് ബൈക്കുകളുടെ ടെസ്റ്റ് റൈഡുകൾ വഴി പ്രകടനം, സൗകര്യം, കൈകാര്യം എന്നിവ നേരിട്ട് അനുഭവിക്കാൻ പരിപാടി അവസരമൊരുക്കി. പരിപാടിയുടെ ഭാഗമായി റൈഡർമാരുമായുള്ള സംവാദങ്ങളും അടിസ്ഥാന പരിപാലന പരിശീലനവും നടന്നു. ജിക്സർ സീരീസിന് പരിധിയുള്ള കാലയളവിൽ വിപുലമായ വാർന്റിയും ഇൻഷുറൻസ് ആനുകൂല്യങ്ങളും ഉൾപ്പെടുന്ന പ്രത്യേക ഓഫറുകളും കമ്പനി പ്രഖ്യാപിച്ചു.

# ടൈറ്റൻ സ്മാർട്ട് 'സെലെസ്റ്റർ 2.0' സ്മാർട്ട് വാച്ച് പുറത്തിറക്കി



**കൊച്ചി:** ടൈറ്റൻ സ്മാർട്ട് ഹൈപെർഫോമൻസ് ഡ്യുവൽ ബാൻഡ് ജിപിഎസ് സ്മാർട്ട് വാച്ചായ സെലെസ്റ്റർ 2.0 പുറത്തിറക്കി. ദൈനംദിന പരിശീലനത്തിന്റെ നിലവാരം ഉയർത്തുന്ന അത്യാധുനിക മെട്രിക്സുകളാണ് ഈ സ്മാർട്ട് വാച്ചിന്റെ പ്രധാന ആകർഷണം.

ഹൃദയമിടിപ്പ് സോണുകൾ അടിസ്ഥാനമാക്കിയുള്ള പരിശീലനം, ട്രെയിനിംഗ് ലോഡ്, റെഡിനസ് സ്കോർ എന്നിവ ഉപയോക്താക്കളെ അമിത അധ്വാനം ഒഴിവാക്കി കൃത്യമായ തീവ്രതയോടെ പരിശീലിക്കാനും സ്ഥിരത കൈവരിക്കാനും സഹായിക്കുന്ന 5എടിഎം വാട്ടർ റെസിസ്റ്റൻസ് സവിശേഷതയും സെലെസ്റ്റർ 2.0 വാച്ചിനുണ്ടെന്ന് ടൈറ്റൻ സ്മാർട്ട് വാച്ച് ഡിവിഷൻ ചീഫ് സെയിൽസ് ആൻഡ് മാർക്കറ്റിംഗ് ഓഫീസർ കെ. ശ്രീനിവാസൻ പറഞ്ഞു. ഇതിലെ സ്വിമ്മിംഗ് ഹാർട്ട് റേറ്റ് ട്രാക്കിംഗ്, സ്വോൾഫ് സ്കോർ, ഓട്ടോമാറ്റിക് സ്ട്രോക്ക് ഡിറ്റക്ഷൻ എന്നിവ കായിക പ്രകടനവും സാങ്കേതികതയും വിശകലനം ചെയ്യാൻ സഹായിക്കുന്നു. ഇത് മികച്ച രീതിയിൽ പരിശീലിക്കാൻ ഉപയോക്താക്കളെ സഹായിക്കുന്നു. ഉയർന്ന നിലവാരമുള്ള അലുമിനിയം ബോഡി, ഡ്യുവൽ കളർ ക്രൗൺ, ഹൈബ്രിഡ് നൈലോൺ, സിലിക്കൺ സ്ട്രാപ്പ് എന്നിവ ഇതിന് പ്രീമിയം ലുക്കും ഈടും നൽകുന്നു. സെലെസ്റ്റർ 2.0ൽ, അതികൃത്യമായ ലൊക്കേഷൻ ട്രാക്കിംഗിനായി എൽ1, എൽ5 സാറ്റലൈറ്റ് ബാൻഡ് ലോക്കിംഗ് ഉപയോഗിച്ചിരിക്കുന്നു. കൂടാതെ ഓഫ്ലൈൻ മാപ്പുകൾ, തടസ്സമില്ലാത്ത നാവിഗേഷനായി ഡൗൺലോഡ് ചെയ്യാവുന്ന കോഴ്സുകൾ, തത്സമയ ഔട്ട്ഡോർ വിവരങ്ങൾ നൽകാനായി എബിസി (ആൾട്ടിമീറ്റർ, ബാരോമീറ്റർ, കോമ്പസ്) സെൻസറുകൾ എന്നിവയും ഇതിൽ സംയോജിപ്പിച്ചിരിക്കുന്നു. ടൈറ്റന്റെ ആക്റ്റീവ് ഇന്റലിജൻസ് സംവിധാനമായ ടൈറ്റൻ ക്യൂ വാച്ചിൽ നേരിട്ട് ചോദ്യങ്ങൾക്ക് ഉത്തരം നൽകാനും മീറ്റിംഗുകൾ ഷെഡ്യൂൾ ചെയ്യാനും സഹായിക്കും. ടൈറ്റൻ ക്യൂ ആപ്പ് വഴി ആരോഗ്യവിവരങ്ങൾ വിശകലനം ചെയ്ത് കൃത്യമായ നിർദ്ദേശങ്ങൾ നൽകാനും സാധിക്കും. ഓഫ്ലൈൻ മ്യൂസിക് സ്റ്റോറേജ്, വയർലെസ് ഇയർഫോൺ സപ്പോർട്ട് എന്നിവ സ്മാർട്ട് ഫോൺ ഇല്ലാതെ തന്നെ വ്യായാമം ചെയ്യുന്നത് ആസ്വദിക്കാൻ സഹായിക്കുന്നു. അത്ലറ്റുകൾക്കായി പ്രത്യേകം സജ്ജീകരിച്ച 'ട്രയാത്ത്ലോൺ മോഡ്' വഴി സ്വിമ്മിംഗ്, സൈക്ലിംഗ്, റണ്ണിംഗ് എന്നിവ ഒരൊറ്റ സെഷനിൽ തന്നെ ട്രാക്ക് ചെയ്യാമെന്നും അദ്ദേഹം പറഞ്ഞു.

# എൻആർഐ ആരോഗ്യ ഇൻഷുറൻസിൽ 126 ശതമാനം വർധനവെന്ന് സർവേ

**കൊച്ചി:** വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ഇന്ത്യക്കാരുടെ ഇടയിൽ ഇന്ത്യയിലെ ഇൻഷുറൻസ് പോളിസികളോടുള്ള താൽപര്യം വർധിച്ചതായി പോളിസി ബസാർ സർവേ. ഇതിന്റെ ഭാഗമായി എൻആർഐ ആരോഗ്യ ഇൻഷുറൻസിൽ 126 ശതമാനം വർധനവുായതായി പോളിസി ബസാർ വ്യക്തമാക്കി. വിവിധ ഇൻഷുറൻസ് പോളിസികളും കുറഞ്ഞ ചികിത്സാ ചെലവുകളുമാണ് ജിസിസി, യൂറോപ്പ് അമേരിക്ക തുടങ്ങിയ ഇടങ്ങളിൽ ജോലി ചെയ്യുന്ന ഇന്ത്യക്കാർ ചികിത്സയ്ക്കായി സ്വന്തം രാജ്യത്തെ തിരഞ്ഞെടുക്കുന്നതിന് കാരണമായതെന്ന് സർവേ വ്യക്തമാക്കുന്നു. ടെലിമെഡിക്കൽ സേവനങ്ങളും ഡിജിറ്റൽ സൗകര്യങ്ങളും ഈ വളർച്ചയ്ക്ക് പിന്തുണ നൽകിയതായും സർവേ വ്യക്തമാക്കുന്നു.

ഫാമിലി ഫ്ളോട്ടർ പോളിസികളിലെ 70 ശതമാനം വർധനവിനൊപ്പം 40 ശതമാനം വരെ പ്രീമിയം ഡിസ്കൗിൽ ലോകോത്തര ചികിത്സ ലഭ്യമാകുന്നതും പ്രവാസികളെ ചികിത്സയ്ക്കായി ഇന്ത്യയിലേക്ക് തിരികെ എത്തിക്കുന്നതിന് കാരണമായതായി സർവേ വ്യക്തമാക്കുന്നു. കുടുംബാരോഗ്യ പരിരക്ഷക്കും മാതാപിതാക്കൾക്കായുള്ള പോളിസികൾക്കും എൻആർഐകൾ കൂടുതൽ മുൻഗണന നൽകുന്നതായി സർവേ പറയുന്നു. ഫാമിലി ഫ്ളോട്ടർ വിഹിതം 70% ആയി ഉയർന്നപ്പോൾ രക്ഷാകർതൃ കവറേജും 60% ആയി വർദ്ധിച്ചു. ഒപിഡി കവറേജിന്റെ സ്വീകാര്യതയും ഗണ്യമായി ഉയർന്ന് ഇൻഷുറൻസ് സമഗ്ര ആരോഗ്യ പരിരക്ഷയിലേക്ക് മാറുന്നതായി സർവേ സൂചിപ്പിക്കുന്നു.

# ഡോ. ആർ. ഷാഹിർഷാ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ



**കൊച്ചി:** എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറായി ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ ഷാഹിർഷാ ആർ ചുമതലയേറ്റു. എറണാകുളം ജനറൽ ആശുപത്രി സൂപ്രണ്ടായി സേവനമനുഷ്ഠിച്ചു വരികെയാണ് ജില്ലാ മെഡിക്കൽ ഓഫീസറായി സ്ഥാനക്കയറ്റം ലഭിച്ചത്. എറണാകുളം ജനറൽ ആശുപത്രിയെ രാജ്യത്തെ തന്നെ മികച്ച ജില്ലാതല ആശുപത്രികളിലൊന്നാക്കാൻ ഡോ ഷാഹിർഷ നടത്തിയ ഇടപെടലുകൾ ശ്രദ്ധേയമാണ്. ജില്ലയുടെ ആരോഗ്യ രംഗത്ത് സമഗ്ര പുരോഗതി എന്ന നേട്ടം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി ശക്തമായി മുന്നോട്ട് പോവുക എന്നതാണ് ഇനിയുള്ള പ്രധാന ദൗത്യമെന്ന് ഡോ. ഷാഹിർഷാ അറിച്ചു

# വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി മുത്തൂറ്റ് ഫിനാൻസ്



**കൊച്ചി:** മുത്തൂറ്റ് ഫിനാൻസ് മുത്തൂറ്റ് എം ജോർജ്ജ് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. മികവുറ്റ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായുള്ള പിന്തുണ നൽകുന്ന പദ്ധതിയുടെ ഒൻപതാം പതിപ്പാണിത്. രാജ്യവ്യാപകമായി ബിടെക്, എംബിബിഎസ്, ബിഎസ്സി നഴ്സിങ് കോഴ്സുകൾക്ക് ഈ അധ്യയന വർഷം പ്രവേശനം ലഭിച്ച 210 വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പുകൾ സമ്മാനിച്ചത്. ഇതിൽ കേരളത്തിൽനിന്നുള്ള 30 വിദ്യാർത്ഥികളെ ചടങ്ങിൽ ആദരിച്ചു. മുത്തൂറ്റ് ഫിനാൻസ് മാനേജിങ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ ജോർജ്ജ് എം ജോർജ്ജ് സ്കോളർഷിപ്പ് വിതരണം നിർവഹിച്ചു. ഹൈക്കോടതി മുൻ ജഡ്ജി ബഹുമാനപ്പെട്ട ജസ്റ്റിസ് കെ. സുരേന്ദ്ര മോഹൻ, ജിയോജിത്ത് ഫിനാൻഷ്യൽ സർവ്വീസസ് മാനേജിങ് ഡയറക്ടർ സി ജെ ജോർജ്ജ്, എറണാകുളം ജനറൽ ആശുപത്രി സുപ്രണ്ട് ഡോ. ആർ ഷഹീർഷ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. എംബിബിഎസ്, ബിടെക്, ബിഎസ് സി നേഴ്സിങ് എന്നീ കോഴ്സുകൾക്കായുള്ള 10 വീതം വിദ്യാർത്ഥികളെയാണ് കേരളത്തിൽ നിന്നു തെരഞ്ഞെടുത്തത്. എം.ബി.ബി.എസ് വിദ്യാർത്ഥികൾക്ക് നാലു വർഷത്തേക്ക് ഓരോ വർഷവും 60,000 രൂപ വീതം 2,40,000 രൂപയുടെ സ്കോളർഷിപ്പ് ലഭിക്കും. ബിടെക്, ബിഎസ് സി നേഴ്സിങ് വിദ്യാർത്ഥികൾക്ക് നാലു വർഷത്തേക്ക് ഓരോ വർഷവും 30,000 രൂപ വീതം 1,20,000 രൂപയുടെ സ്കോളർഷിപ്പായിരിക്കും ലഭിക്കുക.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കുടുംബശ്രീ ഭക്ഷണശാലയെ കലാപ്രതിഷ്ഠയാക്കി അനുപമ കുണ്ഡുവും ബാനി ആബിദിയും

**കൊച്ചി:** ഒരു നേരത്തെ ഭക്ഷണം പങ്കുവെക്കുന്നതിലൂടെ നടക്കുന്ന അത്ഭുതങ്ങൾ വിവരിക്കാനാവാത്തതാണെന്ന് തെളിയിക്കുകയാണ് കൊച്ചിമുസിരിസ് ബിനാലെയിലെ പങ്കാളിത്ത കലാകാരികളായ അനുപമ കുണ്ഡുവും കറാച്ചി സ്വദേശിനി ബാനി ആബിദിയും. ബിനാലെ വേദിയായ ആസ്പിൻവാൾ ഹൗസിൽ ഇവർ തയ്യാറാക്കിയ ബറാക്ക 2025 എന്ന ഭക്ഷണശാലയിലാണ് കുടുംബശ്രീ ചേച്ചിമാർ ഭക്ഷണം വിളമ്പുന്നത്. ഒരു നേരത്തെ ഭക്ഷണം വിളമ്പുന്നതിലൂടെ വയറും മനസും നിറയ്ക്കാനും മാത്രമല്ല രാജ്യങ്ങൾക്കിയിലെ അതിർത്തികൾ വരെ മായ്ചു കളയാൻ സാധിക്കുമെന്നാണ് ഇവർ കരുതുന്നത്. 'ബറക്ക 2025' എന്ന കലാപ്രതിഷ്ഠ, വാസ്തുവിദ്യ, ഭക്ഷണം, സേവനം എന്നിവയുടെ മനോഹരമായ സംഗമമാണ്. അറബിയിൽ 'അനുഗ്രഹം' എന്നർത്ഥം വരുന്ന 'ബറക്ക', സഹവർത്തിത്വത്തിലൂടെയും കാരുണ്യപ്രവൃത്തികളിലൂടെയും മനുഷ്യരിലേക്കും പ്രകൃതിയിലേക്കും ഒഴുകുന്ന അനുഗ്രഹങ്ങളെയാണ് സൂചിപ്പിക്കുന്നത്. പുണെ സ്വദേശിയായ അനുപമ കുണ്ഡു മനോഹരമായ ഭക്ഷണശാല ഒരുക്കിയപ്പോൾ, കറാച്ചിയിൽ നിന്നുള്ള ബാനി ആബിദി ജർമ്മനിയിലെ തങ്ങളുടെ ഭക്ഷണാനുഭവങ്ങളെ ചിത്രീകരിക്കുന്ന 'ദസ്തർഖാൻ' (മേശവിരി) കൊണ്ട് ആ ഇടത്തെ അലങ്കരിച്ചു. അവിടെ വിളമ്പുന്നത് കേരള സർക്കാരിന്റെ സ്ത്രീ ശാക്തീകരണ പദ്ധതിയായ കുടുംബശ്രീയിലെ ചേച്ചിമാർ തയ്യാറാക്കുന്ന ഭക്ഷണവും. ദാരിദ്ര്യത്തിലും ഇല്ലായ്മയിലും പോലും സ്നേഹത്തോടെയും കരുതലോടും കൂടി മറ്റുള്ളവർക്ക് ഭക്ഷണം നൽകുന്ന അടുക്കളകളിൽ നിന്നാണ് ബറക്കയുടെ ആശയം ഉടലെടുത്തതെന്ന് ബാനി പറയുന്നു. ആളുകൾ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുകയും മനസറിഞ്ഞ് സംസാരിക്കുകയും ചെയ്യുന്ന ദസ്തർഖാൻ എന്ന സങ്കൽപ്പത്തിന് അനുയോജ്യമായ ഇടമായാണ് ഈ ഭക്ഷണശാല രൂപകൽപ്പന ചെയ്തിരിക്കുന്നത്. കടലിന് അഭിമുഖമായി നിൽക്കുന്ന, പുല്ലു മേഞ്ഞ മേൽക്കൂരയും ചാണകം മെഴുകിയ തറയും ചെറിയ ഇരിപ്പിടങ്ങളുമുള്ള ഇവിടെ പുരാതനവും എന്നാൽ ആധുനികവുമായ ഭാവമുണ്ട്. തെങ്ങിൻ തടികളും തെങ്ങോലയും കയർ നാരുകളും ഉപയോഗിച്ച് നിർമ്മിച്ച ഈ ഘടന പ്രകൃതിയുടെ അനുഗ്രഹങ്ങളെയും വ്യവസായവൽക്കരണത്തിന് മുൻപുള്ള പ്രാദേശികമായ നിർമ്മാണ രീതികളെയും ഓർമ്മിപ്പിക്കുന്നു. മേശകളിൽ വിരിച്ചിരിക്കുന്ന ദസ്തർഖാനുകളിൽ 'നിങ്ങളുടെ അതിഥി നിങ്ങളുടെ മേശയിൽ നിന്ന് ആഹാരം കഴിക്കുന്നതിൽ നന്ദിയുള്ളവരായിരിക്കുക' എന്ന പേർഷ്യൻ വചനം ഇംഗ്ലീഷിലും ഉറുദുവിലും ആലേഖനം ചെയ്തിട്ടുണ്ട്. 2025 നവംബറിൽ ഇരുവരും ബെർലിനിൽ നടത്തിയ വിരുന്നുകളുടെ ഓർമ്മകളാണ് ഷെഹ്സിൽ മാലിക് തുണിയിൽ ചിത്രീകരിച്ചിരിക്കുന്നത്. ഗാസ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ജർമ്മനിയിൽ ഐക്യദാർഢ്യ വിരുന്നുകൾ സംഘടിപ്പിക്കുന്ന ബാനി, 'ബറക്ക'യെ പ്രദർശനം എന്നതിലുപരി അനുഭവം എന്നാണ് വിളിക്കുന്നത്. കുടുംബശ്രീ പ്രവർത്തകർ ചായയും പലഹാരങ്ങളും ഉച്ചഭക്ഷണവും വിളമ്പുന്ന ഈ ഇടം, കരുത്തുറ്റ ആശയങ്ങളുള്ള സ്ത്രീകളുടെ കൂട്ടായ്മയുടെ പ്രതീകമായി ബിനാലെയിൽ നിലകൊള്ളുന്നു. ബിനാലെയിലെത്തുന്ന സന്ദർശകരുടെ പ്രധാന ആകർഷണവും പ്രിയപ്പെട്ട വിശ്രമസ്ഥലവുമാണ് ബറാക്ക.



## കൊച്ചി കോമിക് കോണിന് നാളെ തുടക്കം

**കൊച്ചി:** ആഗോള ഐക്കണുകളും ഇന്ത്യയിലെ സർഗ്ഗാത്മക പ്രതിഭകളും ഒരു മേൽക്കൂരയ്ക്ക് കീഴിൽ അണിനിരക്കുന്ന കൊച്ചി കോമിക് കോണിന് നാളെ തുടക്കമാകും. മാരുതി സുസുക്കി അരീന അവതരിപ്പിക്കുന്നതും ക്രഞ്ചെറോളിന്റെ പിന്തുണയോടെ പ്രവർത്തിക്കുന്നതുമായ കൊച്ചി കോമിക് കോൺ ഫെബ്രുവരി 28 മുതൽ മാർച്ച് 1 വരെ അങ്കമാലി അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കും. അമേരിക്കൻ കോമിക് പുസ്തക കലാകാരനും എഴുത്തുകാരനുമായ ഡാൻ പാരന്റ് ആണ് മുഖ്യാതിഥി. ഇന്ത്യയിലെ പ്രശസ്തരായ പത്തൊമ്പത് കോമിക് കലാകാരന്മാരും കഥാകാരന്മാരും പേരന്റിനൊപ്പം ചേരും. ടിങ്കിളിന്റെ നായക നിർമ്മാതാവും അമർ ചിത്ര കഥയിലെ ഗ്രൂപ്പ് ആർട്ട് ഡയറക്ടറുമായ സാവിയോ മസ്കരേനാസ്, അയോധ്യയിൽ 150ലധികം ചുവർചിത്രങ്ങൾ രൂപപ്പെടുത്തിയ രാജേഷ് നാഗുലകൊ, ഹോളി കൗ എന്റർടൈൻമെന്റിന്റെ സ്ഥാപകനും രാവണൻ, ദി അഘോരി, ദി ലാസ്റ്റ് അസുരൻ തുടങ്ങിയ ചിത്രങ്ങളുടെ പ്രസാധകനുമായ വിവേക് ഗോയൽ, അവാർഡ് ജേതാവായ ചിത്രകാരനും അഭിജീത് കിനി സ്റ്റുഡിയോസിന്റെ സ്ഥാപകനുമായ അഭിജീത് കിനി, ടോയ് ഫേസസ്, ദി അഡ്വഞ്ചേഴ്സ് ഓഫ് ദി ടോയ് മേക്കർ എന്നിവയിലൂടെ അറിയപ്പെടുന്ന ദൃശ്യ കലാകാരനും 3ഡി ചിത്രകാരനുമായ അമൃത് പാൽ സിംഗ്, ഏജന്റ് വിനോദ് ദി ജംഗ്ഫ്രോ എൻകൗർ, ബാഹുബലി ബാറ്റിൽ ഓഫ് ദി ബോൾഡ്, 18 ഡേയ്സ്, തുടങ്ങിയവയുടെ ചിത്രകാരൻ സൗമിൻ പട്ടേൽ എന്നിവരും ഇതിൽ ഉൾപ്പെടുന്നു. പങ്കെടുക്കുന്നവർക്ക് കലാകാരന്മാരുമായി സംവദിക്കാനും പാനൽ ചർച്ചകളിൽ പങ്കെടുക്കാനും പ്രചോദനം കണ്ടെത്താനും അനുവദിക്കുന്നു.

# എഐ അധിഷ്ഠിത പ്ലാറ്റ്ഫോം അവതരിപ്പിച്ച് പ്രൊജക്റ്റ്സ് ടുഡെ

**കൊച്ചി:** രാജ്യത്തെ പദ്ധതി നടപ്പാക്കൽ കൂടുതൽ സുഗമമാക്കുന്നതിനായി നിർമിത ബുദ്ധിയുടെ പിന്തുണയോടെയുള്ള നൂതന സംവിധാനം അവതരിപ്പിച്ച് പ്രൊജക്റ്റ്സ് ടുഡെ. രാജ്യത്തെ വ്യാവസായിക മേഖലയിൽ വിവിധ സേവനങ്ങൾ നൽകുന്ന ഇന്റലിജന്റ് സംവിധാനമാണ് പ്രൊജക്റ്റ്സ് ടുഡെ. ടെണ്ടറുകൾ, ഓർഡറുകൾ, ബിഡ് ചെയ്ത തുക, ആളുകളുടെ വിവരങ്ങൾ തുടങ്ങി ഓരോ കാര്യങ്ങളും കൃത്യമായി മനസിലാക്കാനും വിശകലനം ചെയ്യാനും ഈ പുതിയ സംവിധാനത്തിലൂടെ സാധിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. കൃത്യമായ വിവരങ്ങളുടെ പിൻബലത്തോടെ നിലവിലെ സ്ഥിതി, തുടർന്ന് ചെയ്യേണ്ട കാര്യങ്ങൾ എന്നിവ സംബന്ധിച്ച സൂചനകളും സ്ഥാപനങ്ങൾക്ക് നൽകും. 25 വർഷത്തിലേറെ പ്രവർത്തന പാരമ്പര്യമുള്ള പ്രൊജക്റ്റ്സ് ടുഡെ നിലവിൽ 50,000ലധികം പദ്ധതികൾക്കാണ് സേവനം നൽകുന്നത്. ഓരോ മാസവും 1500ലധികം പുതിയ പദ്ധതികളും 10,000ത്തിലധികം ടെറുകളും വിലയിരുത്തുന്നുണ്ട്. മാസം തോറും 1200ലധികം എൽവൺ/ഓർഡർ അപ്ഡേറ്റുകളും ഇതുവഴി നൽകുന്നുണ്ട്.

# വിടപറഞ്ഞെങ്കിലും ആറു പേരിലൂടെ ജിജിൻ ഇനിയും ജീവിക്കും

**തിരുവനന്തപുരം:** വാഹനാപകടത്തെ തുടർന്ന് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ മസ്തിഷ്ക മരണം സംഭവിച്ച ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് എൽഡി ക്ലർക്ക് സി. ജിജിൻ(36) മടങ്ങുന്നത് ആറു പേർക്ക് ജീവൻ നൽകി. തിരുവനന്തപുരം സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന രോഗിക്കാണ് ജിജിന്റെ ഹൃദയം നൽകിയത്. തിരുവനന്തപുരം, കിളിമാനൂർ, അടയമൺ, നെല്ലിക്കുന്ന് അശ്വമാലികയിൽ ജിജിന്റെ ഹൃദയം ഉൾപ്പടെ ആറ് അവയവങ്ങളാണ് ദാനം ചെയ്തത്. രണ്ട് വൃക്ക, കരൾ, രണ്ട് നേത്ര പടലങ്ങൾ എന്നിവയും ദാനം ചെയ്തു. ഒരു വൃക്ക തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലേയും ഒരു വൃക്കയും കരളും തിരുവനന്തപുരം സ്വകാര്യ ആശുപത്രിയിലേയും രണ്ട് നേത്ര പടലങ്ങൾ തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ഓഫ്ത്താൽമോളജിയിലെ രോഗികൾക്കുമാണ് നൽകിയത്. ജിജിന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് ആദരാഞ്ജലികൾ അർപ്പിക്കുകയും അവയവദാനത്തിന് സന്നദ്ധരായ ബന്ധുക്കളെ നന്ദി അറിയിക്കുകയും ചെയ്തു.

ഫെബ്രുവരി 22ന് പുലർച്ചെ ഒന്നിന് കല്ലമ്പലത്തിന് സമീപം തോട്ടയ്ക്കാട് വച്ചാണ് ജിജിന് അപകടമുണ്ടായത്. വീട്ടിലേക്ക് വരുകയായിരുന്ന ജിജിന്റെ ബൈക്കിന് പിന്നിൽ ഒരു കാർ ഇടിക്കുകയായിരുന്നു. ഗുരുതമായ പരിക്കേറ്റ ജിജിനെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലും തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലും പ്രവേശിപ്പിച്ചു.

ഫെബ്രുവരി 24 ന് മസ്തിഷ്ക മരണം സ്ഥിരീകരിക്കുകയായിരുന്നു. തുടർന്ന് ഭാര്യ അഞ്ജലിയും ബന്ധുക്കളും ജിജിന്റെ അവയവങ്ങൾ ദാനം ചെയ്യാൻ സമ്മതം നൽകുകയായിരുന്നു. കെസോട്ടോയുടെ നേതൃത്വത്തിലാണ് അവയവദാന നടപടികൾ പൂർത്തിയായത്. അഞ്ജലിയാണ് ഭാര്യ. അശ്വമാലികയാണ് മകൾ.

